# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 29** **website: www.uoc.ac.in**

---

### ഇൻഡസ്ട്രി അക്കാദമി കണക്ട് പ്രോഗ്രാം

കാലിക്കറ്റ് സർവകലാശാലാ സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പും ഇന്ത്യൻ അസോസിയേഷൻ ഫോർ സ്റ്റാറ്റിസ്റ്റിക്സ് ഇൻ ക്ലിനിക്കൽ ട്രയൽസും ( ഐ.എ.എസ്.സി.ടി. ) സംയുക്തമായി ഇൻഡസ്ട്രി അക്കാദമി കണക്ട് പ്രോഗ്രാം സംഘടിപ്പിച്ചു. പരിപാടി ഐ.എ.എസ്.സി.ടി. പ്രസിഡന്റ് നിഷാന്ത് നളൻ ഉദ്ഘാടനം ചെയ്തു. പഠനവകുപ്പ് മേധാവി ഡോ. കൃഷ്ണ റാണി സ്വാഗതം പറഞ്ഞു. വിവിധ മേഖലകളിലെ ഇൻഡസ്ട്രി അക്കാദമിക്ക് വിദഗ്ധർ, വിവിധ പഠന വകുപ്പുകളിലെ വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. വ്യത്യസ്ത വിഭാഗ ങ്ങളിലായി വിവിധ പ്രഭാഷണങ്ങളും പാനൽ ചർച്ചകളും ഗ്രൂപ്പ് ചർച്ചകളും പരിപാടിയുടെ ഭാഗമായി നടന്നു.

***ഫോട്ടോ :*** *കാലിക്കറ്റ് സർവകലാശാലാ സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പും ഇന്ത്യൻ അസോസി യേഷൻ ഫോർ സ്റ്റാറ്റിസ്റ്റിക്സ് ഇൻ ക്ലിനിക്കൽ ട്രയൽസും (ഐ.എ.എസ്.സി.ടി.) സംയു ക്തമായി സംഘടിപ്പിച്ച ഇൻഡസ്ട്രി അക്കാദമി കണക്ട് പ്രോഗ്രാം ഐ.എ.എസ്.സി.ടി. പ്രസിഡന്റ് നിഷാന്ത് നളൻ ഉദ്ഘാടനം ചെയ്യുന്നു*

***പി.ആർ. 1383/2026***

### കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിങ്ങിൽ അധ്യാപക ഒഴിവ്

കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിങ്ങിൽ ഇംഗ്ലീഷ്, ഹിന്ദി വിഷയങ്ങൾക്ക് താത്കാലിക അധ്യാപകരെ നിയമിക്കുന്നു. അപേക്ഷകർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 5-ന് രാവിലെ 11.00 മണിക്ക് സെന്ററിൽ ഹാജരാകണം. ഫോൺ : 0494 2400540, 9895843272.

***പി.ആർ. 1384/2026***

### ഡിപ്പാർട്ടമെന്റ് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസിൽ അധ്യാപക നിയമനം

കാലിക്കറ്റ് സർവകലാശാലാ ക്യാമ്പസിലെ ഡിപ്പാർട്ടമെന്റ് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസി ൽ 2026 - 27 അധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് പ്രോഗ്രാ മിലേക്ക് ഹിന്ദി, ജോഗ്രഫി വിഷയങ്ങളിലായി ദിവസവേതനാടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരേ നിയമിക്കുന്നു. ഓരോ ഒഴിവ് വീതമാണുള്ളത്. യോഗ്യത യു.ജി.സി. മാനദ ണ്ഡപ്രകാരം. താത്പര്യമുള്ളവർ ഒക്ടോബർ 07-ന് രാവിലെ 11.00 മണിക്ക് ആവശ്യമായ

രേഖകൾ / പകർപ്പുകൾ സഹിതം സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ഹെൽത്ത് സയൻസിൽ ( സർവകലാശാലാ ഹെൽത്ത് സെന്ററിന് പിൻവശം ) ഹാജരാകണം.

***പി.ആർ. 1385/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷ;**
**പ്രോജക്റ്റ് സമർപ്പിക്കണം**

എല്ലാ അവസരങ്ങളും നഷ്ടമായ അഫിലിയേറ്റഡ് കോളേജ് / വിദൂര വിഭാഗത്തിലെ 2017, 2018 പ്രവേശനം വിദ്യാർഥികൾക്കുള്ള ആറാം സെമസ്റ്റർ ബി.കോം., ബി.ബി.എ., ബി.എ സ് സി. മാത്തമാറ്റിക്സ്, ബി.എ. ഇംഗ്ലീഷ്, ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്, ബി.എ. സോ ഷ്യോളജി, ബി.എ. മലയാളം, ബി.എ. ഇക്കണോമിക്സ്, ബി.എ. അറബിക്ക് (സി.ബി.സി. എസ്.എസ്. - യു.ജി.) സെപ്റ്റംബർ 2024 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ പ്രോജക്ട് ഒക്ടോബർ 09 വരെ സമർപ്പിക്കാം. കേന്ദ്രം : സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷാ യുണിറ്റ്, പരീക്ഷാഭവൻ, കാലിക്കറ്റ് സർവകലാശാലാ.വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

***പി.ആർ. 1386/2026***

**പരീക്ഷാഫലം**

എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് - എം.എസ് സി. ഫിസിക്സ്, എം.എസ് സി. കെമിസ്ട്രി, എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് ( സി.സി.എസ്.എസ്. - 2021, 2022 പ്രവേശനം ) ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ എം.എസ് സി. സുവോളജി, എം.എ. പൊളിറ്റിക്കൽ സയൻസ് (സി.സി. എസ്.എസ്. - 2025 പ്രവേശനം ) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1387/2026***

**പുനർമൂല്യനിർണയഫലം**

വിദൂര വിഭാഗം രണ്ടാം സെമസ്റ്റർ ബി.എ., ബി.എ. അഫ്സൽ - ഉൽ - ഉലമ, ബി.കോം., ബി.ബി.എ. (സി.ബി.സി.എസ്.എസ്. - യു.ജി.) ഏപ്രിൽ 2026 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് ( 2022 മുതൽ 2025 വരെ പ്രവേശനം ) ഏപ്രിൽ 2026 പരീക്ഷകളുടെയും വിദൂര വിഭാഗം നാലാം സെമസ്റ്റർ എം.എ. ഹിന്ദി ( 2022, 2023 പ്രവേശ നം ) ഏപ്രിൽ 2026 പരീക്ഷകളുടെയും പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1388/2026***